# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ദൈവത്തിന്റെ സ്വരം ശ്രവിക്കുന്നതിന് വിശ്വാസമില്ലായ്മ നമ്മെ തടയുന്നു: പാപ്പ



ദൈവത്തിന്റെ പഠനങ്ങൾ ബുദ്ധിമുട്ടുളവാക്കുന്നതാണ് എന്ന് പറയുന്നവർക്ക് ദൈവ വചനങ്ങൾ മനസ്സിലാകാത്തത് വിശ്വാസരാഹിത്യംമൂലമാണ് എന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു.

"ലോകത്തിലുള്ള ഒന്നിനും സർവ്വശക്തനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹത്തെ ശമിപ്പിക്കുവാൻ സാധിക്കില്ല. നിത്യത പ്രാപിക്കുന്നതിന് യേശു നൽകുന്ന അപ്പം ഭക്ഷി ക്കണം. യേശുവിനോടൊപ്പം ആയിരിക്കണം" പാപ്പാ പറഞ്ഞു.

യോഹന്നാന്റെ സുവിശേഷത്തിൽ ജീവന്റെ അപ്പം ഞാനാണ് എന്ന് പ്രഖ്യാപി ക്കുന്ന സുവിശേഷഭാഗവായനയ്ക്കുശേഷം ഫ്രാൻസിസ് പാപ്പാ സെന്റ് ആൻജിലോസ് കോട്ടയിൽ ഒരുമിച്ചുകൂടിയ വിശ്വാസികളോട് സംസാരിക്കുകയായിരുന്നു.

യേശുവിന്റെ വാക്കുകൾ നമ്മുടെ മനസ്സിൽ മൂന്നുതരത്തിലുള്ള പ്രതിസന്ധികൾ ഉളവാക്കും. എന്നാൽ ഇവ തുറക്കുന്നതിനായി ദൈവം മൂന്നു താക്കോലുകൾ കൂടി നൽകുന്നുണ്ട്. ഒന്നാമത്തെ താക്കോൽ ദൈവത്തിന്റെ ആഗമനത്തെകുറിച്ചുള്ള അറിവാ ണ്. രണ്ടാമത്തേത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിൽകൂടി മാത്രമേ അവിടുത്തെ വാക്കുകൾ ഗ്രഹിക്കുന്നതിന് സാധിക്കൂ എന്ന തിരിച്ചറിവാണ്. അവസാനമായി വിശ്വാസ മില്ലാത്തതാണ് ദൈവത്തിന്റെ വാക്കുകൾ ഗ്രഹിക്കുന്നതിൽ നിന്ന് നമ്മെ പിൻതിരിക്കു ന്നത് പരിശുദ്ധ പിതാവ് പറഞ്ഞു.